# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.548 — 05.06.2018-ൽ മറുപടിയ്ക്ക്

## ജി.എസ്.ടി കോമ്പൻസേഷൻ ആക്ട്

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി നടപ്പിലാക്കുമ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമെന്ന പ്രതീക്ഷ അസ്ഥാനത്തായിട്ടുണ്ടോ;<br>ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി പ്രാപ്യാധിഷ്ഠിത ഉപഭോക്തൃനികുതി ആയതിനാൽ കേരളത്തെപ്പോലെയുള്ള ഉപഭോക്തൃസംസ്ഥാനങ്ങൾക്ക് ഗണ്യമായ നികുതി വർദ്ധന ഉണ്ടാകുമെന്നാണ് തുടക്കത്തിൽ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ആ തരത്തിലുള്ള നികുതി വർദ്ധന ഇതുവരെയും ലഭ്യമായിട്ടില്ല. ഇതിന് പലകാരണങ്ങളുണ്ട്. ജി.എസ്.ടി നടപ്പിലായിട്ട് പത്തുമാസത്തോളമായെങ്കിലും ഇതുവരെയും റിട്ടേൺ ഫയലിംഗ് പൂർണ്ണമായിട്ടില്ല. നിലവിൽ വിശദാംശങ്ങൾ ക്രോഡീകരിച്ച ലളിതമായ 3 ബി റിട്ടേൺ ആണ് വ്യാപാരികൾ ഫയൽ ചെയ്യുന്നത്. ഇതിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ ആധികാരികത ഉറപ്പുവരുത്തുവാൻ വകുപ്പിന് പരിമിതികളുണ്ട്. കൂടാതെ എസ്.ജി.എസ്.ടി അടയ്ക്കുന്നതിനു പയോഗിക്കുന്ന ഐ.ജി.എസ്.ടി ക്രെഡിറ്റിന്റെ കൃത്യത ഉറപ്പുവരുത്താൻ സംസ്ഥാനത്തിന് സാധിക്കുന്നില്ല. ജി.എസ്.ടി നടപ്പിലായപ്പോൾ വിവക്ഷിച്ചിരുന്ന റിട്ടേണുകളായ ജി.എസ്.ടി.ആർ 1, 2, 3 എന്നിവയിൽ 1 മാത്രമേ ഇതുവരെ നടപ്പിലാക്കിയിട്ടുള്ളൂ. ഇതുപ്രകാരം വ്യാപാരികളുടെ ചരക്കുകൈമാറ്റങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ സംസ്ഥാനത്തിന് ലഭ്യമാകുന്നത് തുലോം പരിമിതമാണ്. ജി.എസ്.ടി.എൻ. ൽ ലഭ്യമായ വിശദാംശങ്ങൾ സംസ്ഥാന ങ്ങൾക്ക് കാലപരിമിതിയില്ലാതെ ലഭ്യമാക്കണ മെന്നും പൂർണ്ണ റിട്ടേൺ എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമ മാക്കണമെന്നും കേരളം ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളുടെ ജി.എസ്.ടി നിലവിൽ വരുന്നതിനു മുമ്പുള്ള നികുതി പിരിവ് പരിഗണിച്ചാണ് ജി.എസ്.ടി യുടെ റവന്യൂ ന്യൂട്രൽ റേറ്റ് നിശ്ചയിച്ചത്. ഇത് 28% ആയിരുന്നു. വാറ്റ് കാലഘട്ടത്തിൽ കേരളത്തിന്റെ മൊത്തം വാറ്റ് നികുതി പിരിവിന്റെ 75% ൽ കൂടുതൽ ലഭ്യമായിരുന്നത് 14.5% നികുതിനിരക്കുള്ള ചരക്കുകളിൽ നിന്നായിരുന്നു. 22-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനത്തെത്തുടർന്ന് 195 ഓളം ചരക്കുകളുടെ നികുതിനിരക്ക് 28%ൽ നിന്ന് 18% ആയി |

| | | | |
|---|---|---|---|
| | | | കുറവ് ചെയ്യുകയുണ്ടായി. ഇതും സംസ്ഥാനത്തിന്റെ നികുതി പിരിവ് ഉദ്ദേശിച്ച നിലയിൽ എത്താതിരിക്കുന്നതിനുള്ള ഒരു കാരണമാണ്. കൂടാതെ ജി.എസ്.ടി നടപ്പിലായപ്പോൾ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. ആഗസ്റ്റ് മാസത്തിൽ തന്നെ അന്തർസംസ്ഥാന വ്യാപാരങ്ങളുടെ വിവരം ലഭ്യമാകുന്ന ഓൺലൈൻ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാകുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇത് 2018 ഏപ്രിൽ 1 മുതൽ മാത്രമേ നടപ്പിലായുള്ളൂ.<br><br>റിട്ടേൺ ഫയലിംഗ് പൂർണ്ണതോതിൽ നടപ്പിലാവുകയും ഇ-വേ ബിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നതോടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി നികുതിപിരിവ് ഗണ്യമായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>ജി.എസ്.ടി കോമ്പൻസേഷൻ നിയമ പ്രകാരം 2015-16 നികുതിപിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി കേരളത്തിന്റെ ദ്വൈമാസ നികുതി 3644 കോടി രൂപയായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ്, 2017 മുതൽ ഫെബ്രുവരി 2018 വരെയുള്ള കാലയളവിലേയ്ക്ക് കേരളത്തിന് നഷ്ടപരിഹാരമായി 2485 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ വാറ്റ് നികുതിപിരിവ് വർദ്ധന ശരാശരി 12% ആണെന്നിരിക്കെ ജി.എസ്.ടി യിൽ 14% നിരക്കിൽ നഷ്ടപരിഹാരം ലഭ്യമായതിനാൽ ജി.എസ്.ടി നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് പറയാൻ സാധ്യമല്ല. |
| (ബി) | ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്തിന് ഏതെങ്കിലും തരത്തിൽ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് അനുസരിച്ച് അത് നികത്തുന്നതിനുള്ള വ്യവസ്ഥ പ്രകാരം കേന്ദ്ര സർക്കാർ നികുതി വരുമാനത്തിലുണ്ടായ നഷ്ടം നികത്തിയിട്ടുണ്ടോ; ഇതുവരെ പ്രസ്തുത ഇനത്തിൽ സംസ്ഥാനത്തിന് എന്ത് തുക ലഭിച്ചു; | (ബി) | ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം 2015-16 നികുതിപിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷികവർദ്ധനവ് കണക്കാക്കി കേരളത്തിന്റെ ദ്വൈമാസ നികുതി 3644 കോടി രൂപയായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ്, 2017 മുതൽ ഫെബ്രുവരി 2018 വരെയുള്ള കാലയളവിലേയ്ക്ക് കേരളത്തിന് നഷ്ടപരിഹാരമായി 2485 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ വാറ്റ് നികുതിപിരിവ് വർദ്ധന ശരാശരി 12% ആണെന്നിരിക്കെ ജി.എസ്.ടി യിൽ 14% നിരക്കിൽ നഷ്ടപരിഹാരം ലഭ്യമായതിനാൽ ജി.എസ്.ടി നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് പറയാൻ സാധ്യമല്ല. ജി.എസ്.ടി യിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള കോമ്പൻസേഷൻ ദ്വൈമാസക്കണക്കിലാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. ഇതനുസരിച്ച് 2018 മാർച്ചിൽ അവസാനിച്ച സാമ്പത്തികവർഷത്തിലെ കോമ്പൻസേഷൻ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ |

<table>
<tr><td></td><td></td><td></td><td>ചേർക്കുന്നു.
<table>
<tr><th>മാസം</th><th>കോമ്പൻസേഷൻ</th></tr>
<tr><td>ജൂലൈ- ആഗസ്റ്റ്</td><td>810.00 കോടി</td></tr>
<tr><td>സെപ്റ്റംബർ- ഒക്ടോബർ</td><td>395.00 കോടി</td></tr>
<tr><td>നവംബർ- ഡിസംബർ</td><td>713.00 കോടി</td></tr>
<tr><td>ജനുവരി- ഫെബ്രുവരി</td><td>567.00 കോടി</td></tr>
<tr><td>മാർച്ച്</td><td>330.00 കോടി</td></tr>
</table>
എന്നാൽ സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി വരുമാനവും നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് അവലംബിച്ച തുകയും തമ്മിൽ ചില വ്യതിയാനങ്ങൾ കാണപ്പെട്ടതിനാൽ കൂടുതൽ നഷ്ട പരിഹാരം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സർവ്വീസ് മേഖലയിൽ നികുതി ഈടാക്കുന്നതിനുള്ള അധികാരം സംസ്ഥാനത്തിന് ജി.എസ്.ടി നിയമം മൂലം ലഭിച്ച സാഹചര്യത്തിൽ ഏറ്റവും കൂടുതൽ വളർച്ചയുള്ള പ്രസ്തുത മേഖലയിൽനിന്നുള്ള അധിക വരുമാനം സംസ്ഥാനത്തിന് എത്രത്തോളം നേട്ടമുണ്ടാക്കിയെന്ന് വെളിപ്പെടുത്താമോ;</td><td>(സി)</td><td>ഇത്തരം മേഖലകളിൽ നിന്നും ലഭിക്കുന്ന നികുതി വരുമാനത്തെക്കുറിച്ചുള്ള ആധികാരിക വിവരങ്ങൾ ലഭിച്ചിട്ടില്ല. ഇത്തരം മേഖലകളിൽ നിന്നുള്ള വരുമാനം ഭാവിയിൽ സംസ്ഥാനത്തിന് നേട്ടമുണ്ടാക്കുമെന്ന് കരുതുന്നത്.</td></tr>
<tr><td>(ഡി)</td><td>ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിനുള്ള അന്തർ സംസ്ഥാന വ്യാപാരം എന്നിവ പ്രകാരം സംസ്ഥാനത്തിന് നിലവിൽ നികുതി ലഭിക്കുന്ന സാഹചര്യമുണ്ടോ; അത് സംസ്ഥാനത്തിന് എന്ത് വരുമാനം ലഭ്യമാക്കും;വ്യക്തമാക്കുമോ?</td><td>(ഡി)</td><td>ജി.എസ്.ടി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സമ്പ്രദായമായതിനാൽ ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിനുള്ള അന്തർ സംസ്ഥാന വ്യാപാരം എന്നിവയിൽ നിന്നുള്ള നികുതിവരുമാനവും സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെടാത്തതിനാൽ ഈ രീതിയിൽ കൃത്യമായ തുക വേർതിരിച്ച് പറയാനാകില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ